# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2057 | 13.06.2019 ൽ മറുപടിയ്ക്ക് |
| **ന്യൂട്രീഷൻ മിഷൻ പദ്ധതി** | |
| ചോദ്യം | മറുപടി |
| **ശ്രീ.എ.പി. അനിൽ കുമാർ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ സ്ത്രീകളിലും കുട്ടികളിലും പോഷക കുറവ് ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | എ) ഉണ്ട്.<br>ചുവടെ പറയുന്ന വിവിധ കാരണങ്ങളാൽ പോഷകക്കുറവ് സംഭവിക്കാം.<br>• പോഷകക്കുറവുള്ള അമ്മമാരിൽ നിന്നും കുഞ്ഞുങ്ങളിലേക്കു പോഷകക്കുറവ് ഉണ്ടാകുന്നു.<br>• മികച്ച ഭക്ഷണ ശീലത്തിന്റെ അഭാവം. സമീകൃതാഹാരത്തിന്റെ കുറവ്<br>• വിട്ടുമാറാത്ത രോഗങ്ങളും വ്യാധികളും.<br>• വിറ്റാമിൻ എ, സിങ്ക്, അയൺ, കാൽസിയം എന്നിവയുടെ അഭാവം.<br>• കുഞ്ഞുങ്ങൾക്ക് മുലപ്പാൽ നല്കാതിരിക്കുന്നതിലൂടെ.<br>• പൊണ്ണത്തടിയും, വ്യായാമക്കുറവും.<br>• ഭക്ഷണക്രമത്തിൽ പഴങ്ങളുടെയും പച്ചക്കറികളുടേയും അഭാവം തുടങ്ങി നിരവധി വ്യത്യസ്തമായ കാരണത്താൽ പോഷകക്കുറവ് ഉണ്ടാകുന്നു. |
| ബി) പോഷക കുറവ് പരിഹരിക്കുന്നതിന് നാഷണൽ ന്യൂട്രീഷൻ മിഷൻ, പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് എപ്രകാരമാണ്; | ബി) ഉണ്ട്. ഒരു ജീവിതചക്ര സമീപനത്തിലൂടെ തത്സമയ വളർച്ച നിരീക്ഷണവും യഥാസമയത്തുള്ള ഇടപെടലുകളും വഴി കൗമാരപ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ആറു വയസിനു |

| | |
|---|---|
| | താഴെയുള്ള കുട്ടികൾ എന്നിവരിലെ ന്യൂനപോഷണം തടയുന്നതിനായി ആവിഷ്കരിച്ച നാഷണൽ ന്യൂട്രിഷൻ മിഷന്റെ ഭാഗമായി സംസ്ഥാനത്തു മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പ്രവർത്തനം നടന്നു വരുന്നു. ബാക്കിയുള്ള പത്തു ജില്ലകളിൽ കൂടി പ്രവർത്തനം ആരംഭിക്കുവാനുള്ള ഭരണപരമായ അനുവാദം ലഭിച്ചിട്ടുണ്ട്. അങ്കണവാടികളിലൂടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിലെ 33115 അങ്കണവാടികളിലൂടെ ഈ പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കളിൽ എത്തിച്ചേരും.<br>പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>വളർച്ച മുരടിപ്പ് (0-6 വയസ്സ്) - 6% കുറയ്ക്കുക<br>തൂക്കക്കുറവ് (0-6 വയസ്സ്) - 6% കുറയ്ക്കുക<br>വിളർച്ച (സ്ത്രീകളിലും കൗമാരപ്രായക്കാരായ പെൺകുട്ടികളിലും) 15 – 49 വയസ്സ് - 9% കുറയ്ക്കുക<br>ന്യൂനപോഷണം (0-6 വയസ്സ്) - 6% കുറയ്ക്കുക<br>ഈ ലക്ഷ്യങ്ങൾ മൂന്നു വർഷം കൊണ്ട് കൈവരിക്കേണ്ടവയാണ്. |
| സി) ഇതിന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണ്; അവരെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ്; | സി) നാഷണൽ ന്യൂട്രീഷൻ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്തു 'സമ്പുഷ്ട കേരളം' എന്ന പേരിലാണ് നടപ്പിലാക്കുന്നത്. അങ്കണവാടികളിലെ ഗുണഭോക്താക്കളായ ആറു വയസ്സിനുതാഴെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. അങ്കണവാടികളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ അവിടുത്തെ ഗുണഭോക്താക്കൾ തന്നെയാണ് പ്രസ്തുത പദ്ധതിയുടെയും ഗുണഭോക്താക്കൾ. |

| | |
|---|---|
| ഡി) ആദിവാസി വിഭാഗത്തിൽപ്പെട്ട അമ്മമാരിലും കുഞ്ഞുങ്ങളിലും പോഷക കുറവ് ഗുരുതരമാണെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ മിഷൻ പ്രകാരം അവർക്കായി പ്രത്യേക എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | ഡി) കേരളത്തിലെ എല്ലാ അങ്കണവാടികളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ആദിവാസി വിഭാഗത്തിൽപ്പെട്ട അമ്മമാരും കുഞ്ഞുങ്ങളും ഉൾപ്പെടുന്ന എല്ലാ ഐസിഡിഎസ് ഗുണഭോക്താക്കൾക്കും ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ